## ഷാഹുൽ ഹമീദ്



**സുഊദി** കെ.ഐ.ജി ബുറൈദ ഏരിയയിലെ സജീവ പ്രവർത്തകനും ഹിറ യൂനിറ്റിന്റെ പ്രസിഡന്റുമായിരുന്നു വാഹനാപകടത്തിൽ മരിച്ച ഷാഹുൽ ഹമീദ്(36). എറണാകുളം പല്ലാരിമംഗലം ഈട്ടിപ്പറമ്പിൽ കാരോട്ടുകുടിയിൽ മുഹമ്മദ് മുസ്ത്വഫയുടെ മകനായ ഷാഹുൽ ഹമീദ് തനിമ സാംസ്കാരിക വേദിയും മലർവാടി ബാലസംഘവും പ്രദേശത്ത് സംഘടിപ്പിക്കുന്ന എല്ലാ പരിപാടികളുടെയും മുഖ്യ പ്രവർത്തകനായിരുന്നു. കെ.ഐ.ജി ഏരിയ വനിതാ ഹൽഖയുടെ സെക്രട്ടറിയായ തിരുവനന്തപുരം ഞാറയിൽകോണം സ്വദേശിനി ഷബ്നയാണ് ഷാഹുൽഹമീദിന്റെ ഭാര്യ. മക്കൾ: ഇഹ്സാൻ, അമീൻ.

**സി.കെ അബ്ദുല്ല ബുറൈദ**

## ബാപ്പുട്ടി

**തിരൂർ** നിറമരുതൂരിലെ ജനതാബസാർ കാർകുൻ ഹൽഖയിലെ അംഗമായിരുന്നു ബാപ്പുട്ടി ഹാജി. പരേതൻ പ്രദേശത്തുകാരുടെയെല്ലാം ആദരവ് പിടിച്ചു പറ്റിയ വ്യക്തിത്വമായിരുന്നു. നാലുപതിറ്റാണ്ടിലേറെ മലേഷ്യയിലായിരുന്നു. മകൻ അബ്ദുൽ വഹാബ് എസ്.ഐ.ഒ പ്രവർത്തകനാണ്. മകൾ മൈമൂനയും മരുമക്കൾ സലാം ചേന്നര, സലീൽ താനൂർ എന്നിവരും പ്രസ്ഥാന പ്രവർത്തകരാണ്.

**സി.പി.എം ബാവ താനൂർ**

## അബ്ദുൽ വഹാബ് റാവുത്തർ

**1960** മുതൽ പ്രസ്ഥാനത്തോടൊപ്പം തൃശൂർ ടൗൺഹൽഖയിൽ പ്രവർത്തിച്ചിരുന്ന നിശ്ശബ്ദ സേവകനായിരുന്നു വഹാബണ്ണൻ എന്ന് പ്രവർത്തകരെല്ലാം വിളിച്ചിരുന്ന അബ്ദുൽ വഹാബ് റാവുത്തർ. ടിമ്പർ ബിസിനസുകാരനായിരുന്നു. ഹിറാ മസ്ജിദ് സ്ഥാപിതമായതിനുശേഷം അതിന്റെ ചുമതലക്കാരനായി. പള്ളിമുതവല്ലി എന്നാണ് ആളുകൾ വിളിച്ചിരുന്നത്. മക്കളായ അൻസാരിയും ഇബ്റാഹീമും ഫൈസലും പ്രസ്ഥാന പ്രവർത്തകരാണ്.

**അബൂത്വാഹിറ, തൃശൂർ**

*അല്ലാഹു പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.*